യോഗം ചേർന്ന് പ്രവർത്തനം വിലയിരുത്തിവരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനതല വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റിയും കൂടാറുണ്ട്.

(ഡി) ഉണ്ട്. ഇത്തരം കേസുകളിൽ അതിക്രമങ്ങൾ തടയൽ നിയമം (1989) പ്രകാരം കേസ് രജിസ്റ്റർ ചെയ്തത് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ആദിവാസി കോളനികളിലെ രോഗങ്ങൾ

195(2185) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആദിവാസി കോളനികളിൽനിന്നും ഗുരുതരമായ പല രോഗങ്ങളും റിപ്പോർട്ട് ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം കോളനികളിൽനിന്നും ഏതെല്ലാം രോഗങ്ങളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത് ;

(ബി) പ്രസ്തുത കോളനികളിൽനിന്നും രോഗങ്ങൾമൂലമുള്ള മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര മരണങ്ങൾ ഏതെല്ലാം കോളനികളിൽനിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കോളനികളിൽ രോഗപരിചരണത്തിനും രോഗപ്രതിരോധത്തിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത കോളനികളിൽ ഏതെല്ലാം കോളനികളിലാണ് പ്രാക്തന ഗോത്രവർഗ്ഗ ക്ഷേമത്തിനായുള്ള കേന്ദ്ര ഫണ്ട് വിനിയോഗിച്ചത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സുൽത്താൻ ബത്തേരി താലൂക്കിലെ പൂതാടി, പുൽപ്പള്ളി, സുൽത്താൻ ബത്തേരി, നൂൽപ്പുഴ എന്നീ പഞ്ചായത്തുകളിലെ വനമേഖലയിലുള്ള ചീയമ്പം, ദേവർഗദ്ദ, കാപ്പിപ്പാടി, വണ്ടിക്കടവ് കോളിമൂല, അണ്ണിമൂല, പൂതുവീട് എന്നീ കോളനികളിൽ നിന്നും മലപ്പുറം ജില്ലയിലെ മാഞ്ചീരി വാൾകെട്ടിമല കോളനിയിലും കരങ്ങുപനി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സിക്കിൾസെൽ അനീമിയ, ക്ഷയം, കാൻസർ തുടങ്ങിയ രോഗങ്ങൾ കോളനികളിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇടുക്കി ജില്ലയിലെ പട്ടികവർഗ്ഗക്കാർക്കിടയിൽ വദനാർബുദം ആണ് പ്രധാനമായും കണ്ടുവരുന്നത്. കണ്ണൂർ ജില്ലയിലെ ആറളം ഫാമിൽ നിന്ന് കശുവും, കൊട്ടിയൂർ പഞ്ചായത്തിലെ താഴെപാൽചുരം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കോളനിയിൽ നിന്നും ക്ഷയരോഗവും മന്ദംചേരി താഴെ കോളനിയിൽ നിന്ന് ഹൃദ്രോഗവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ പഞ്ചായത്തിൽ തവനം കോളനിയിൽ നിന്നും ക്ഷയരോഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. കരങ്ങുപനിമൂലം സുൽത്താൻ ബത്തേരി താലൂക്കിൽ ചീയമ്പം 73 കോളനിയിലെ 4 പേരും ദേവർഗദ്ദ കോളനി, കോളിമൂല കോളനി, പുതുവീട് കോളനി എന്നിവിടങ്ങളിൽ നിന്നും ഓരോ മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ വാച്ചുമരം കോളനിയിൽ നിന്നും ക്ഷയരോഗംമൂലം 2 പേർ മരണമടഞ്ഞതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇടുക്കി ജില്ലയിൽ പട്ടികവർഗ്ഗക്കാർക്കിടയിൽ അർബുദംമൂലം 2015-ൽ ഒരു മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) സുൽത്താൻ ബത്തേരി താലൂക്കിലെ പട്ടികവർഗ്ഗ കോളനികളിൽ നിന്നും പനിബാധിതരെ ആശുപത്രിയിൽ എത്തിക്കുന്നതിന് 24 മണിക്കൂറും ആംബുലൻസ് സേവനം ലഭ്യമാക്കി. രോഗബാധിത മേഖലയിലേക്ക് പ്രൊമോട്ടർമാരെ പ്രത്യേകമായി നിയമിച്ചു. കരങ്ങുപനി ബാധിച്ച് ചികിത്സയിൽ കഴിയുന്ന കോളനി നിവാസികൾ കാട്ടിൽ വനപ്രദേശങ്ങളിൽ ഉപജീവനത്തിന് പോകാതിരിക്കുന്നതിനായി 560 പേർക്ക് മാസംതോറും 45 കിലോ അരി, 3 കിലോ കടല, 3 കിലോ ചെറുപയർ, 1.5 ലിറ്റർ വെളിച്ചെണ്ണ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. രോഗം ബാധിച്ച് വീട്ടിൽ കിടക്കുന്നവർക്ക് പോഷകാഹാരമായി 2 മുട്ടയും, 1 മുട്ട, 250 മില്ലി ലിറ്റർ തിളപ്പിച്ച പാൽ എന്നിവയും നൽകിയിട്ടുണ്ട്. കരങ്ങുപനി ബാധിച്ച രോഗികളോടൊപ്പം കൂടെ നിൽക്കുന്നവർക്ക് 200 രൂപ വീതം നൽകുന്നതിനും പ്രതിരോധപ്രവർത്തനങ്ങൾക്കുമായി 10 ലക്ഷം രൂപ വയനാട് ജില്ലാ മെഡിക്കൽ ഓഫീസർക്കും, വനമേഖലയിൽ കാലികളെ പരിപാലിക്കുന്നവർക്ക് കാലികളിൽ നിന്നും രോഗം പകരാതിരിക്കാൻ കാലികളുടെമേൽ പുരട്ടുന്നതിനുള്ള ലോഷൻ വാങ്ങി പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിനും മറ്റുമായി 9 ലക്ഷം രൂപ മൃഗസംരക്ഷണ വകുപ്പിന് കൈമാറിയിട്ടുണ്ട്.

രോഗം ബാധിച്ച കോളനികളിൽ പ്രത്യേക ക്യാമ്പ് നടത്തി പ്രതിരോധ വാക്സിൻ നൽകിയിട്ടുണ്ട്. കൂടാതെ രോഗം വരാതിരിക്കുന്നതിനായി കോളനി വാസികൾക്ക് വേണ്ട മുൻകരുതലുകൾ ഉൾക്കൊള്ളിച്ചുകൊണ്ടും ലഘുലേഖകൾ വിതരണം ചെയ്യുകയും ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മൊബൈൽ മെഡിക്കൽ യൂണിറ്റ്, ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറികൾ എന്നിവ മുഖേനയും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ മാങ്കുളം കോളനികളിൽ കോട്ടയം മെഡിക്കൽ കോളേജിലെ ദന്തരോഗ വിഭാഗങ്ങൾ പ്രത്യേക രോഗ നിർണ്ണയ ക്യാമ്പും മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ചിട്ടുണ്ട്.

(ഡി) വയനാട് ജില്ലയിലെ പൂതാടി ഗ്രാമപഞ്ചായത്തിലെ ചീയമ്പം 73, ദേവർഗദ്ദ കോളനി, മലപ്പുറം ജില്ലയിലെ കരുളായി പഞ്ചായത്തിലെ മാഞ്ചീരി കോളനി എന്നിവിടങ്ങളിൽ പ്രാക്തന ഗോത്രവർഗ്ഗ ക്ഷേമത്തിനായി ഭവന നിർമ്മാണം, ഭക്ഷ്യ സഹായ പദ്ധതി, ആരോഗ്യ സംരക്ഷണം എന്നിവയ്ക്കായി കേന്ദ്ര ഫണ്ട് വിനിയോഗിച്ചിട്ടുണ്ട്. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു :

1. ചീയമ്പം - 73	-	ഭവന നിർമ്മാണം	- 2,04,25,000
		ഭക്ഷ്യ സഹായ പദ്ധതി	- 23,34,000
		ആരോഗ്യ പ്രവർത്തനം	- 2,10,000
2. ദേവർഗദ്ദ	-	ഭവന നിർമ്മാണം	- 17,50,000
		ഭക്ഷ്യ സഹായ പദ്ധതി	- 2,85,000
		ആരോഗ്യ പ്രവർത്തനം	- 50,000
3. മാഞ്ചീരി	-	ഭക്ഷ്യ സഹായ പദ്ധതി	- 15,75,000
		ആരോഗ്യ പ്രവർത്തനം	- 1,43,400
		ചികിത്സാ ധനസഹായം	- 80,000

ആശിക്കും ഭൂമി ആദിവാസിക്ക് എന്ന പദ്ധതി

196(2186) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശിക്കും ഭൂമി ആദിവാസികൾക്ക് എന്ന പദ്ധതി പ്രകാരം കല്പറ്റ നിയോജകമണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് ഭൂമി വാങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ കുടുംബത്തിനും എത്ര ഏക്കർ ഭൂമി വീതം ലഭിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇതിനായി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 166 കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly